59 (351) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

ശ്രീ പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ കാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് എണ്ണത്തിന്റെ കാര്യത്തിൽ എന്തെങ്കിലും പരിധിയുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്താണ്;

(ഡി) ആലുവ വെളിയത്തുനാട് റൂട്ടിൽ വിദ്യാർത്ഥികൾക്ക് 25 കൺസഷനിൽ കൂടുതൽ നൽകാതിരുന്നതിന്റെ കാരണം എന്താണ്;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഉണ്ടെങ്കിൽ വിശദ വിവരം നൽകുമോ;

(എഫ്) ആലുവാ-വെളിയത്തുനാട് റൂട്ടിൽ റെഗുലർ വിദ്യാർത്ഥികളുടെ കൺസഷൻ എണ്ണം വർദ്ധിപ്പിക്കണം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എച്ച്) ആലുവ-വെളിയത്തുനാട് റൂട്ടിൽ അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ കാർഡ് നൽകാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) വിദ്യാർത്ഥി പഠിക്കുന്ന കോഴ്സ് അംഗീകൃതമായിരിക്കണം. സ്ഥാപനം അംഗീകൃതമായിരിക്കണം. അത്തരം അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിക്കുന്ന ഫുൾടൈം വിദ്യാർത്ഥികൾക്കു (ബോണഫൈഡ് സ്റ്റുഡൻസ്) താമസ സ്ഥലത്ത് നിന്നും 40 കിലോമീറ്റർ ദൂരത്ത് വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ അനുവദിക്കും. ആയത് ബസ്സ് ഫെയറിന്റെ 75% ആണ്. ആയത് അദ്ധ്യയന വർഷത്തിന്റെ ആരംഭം മുതൽ തുടർച്ചയായ 10 മാസത്തേയ്ക്ക് അനുവദിക്കും.

കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ പ്രൈവറ്റായി പഠിക്കുന്നതിന് പേര് രജിസ്റ്റർ ചെയ്ത് പ്രൈവറ്റ് സ്ഥാപനങ്ങളിൽ പാരലൽ കോഴ്സ് ആയി പഠിക്കുന്ന വിദ്യാർത്ഥികൾക്കും (ബോണഫൈഡ് സ്റ്റുഡൻസ്) 40 കിലോമീറ്റർ ദൂരം വരെ വീട്ടിൽനിന്നും പോയി പഠിക്കുന്നതിന് കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിലവിലുള്ള ഫെയറിന്റെ 50% കൺസഷൻ അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(ബി) ദേശവൽകൃത മേഖലയിൽ കൺസഷൻ അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. ദേശവൽകൃതമല്ലാത്ത റൂട്ടുകളിൽ പരിധി ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ദേശവൽകൃതമല്ലാത്ത റൂട്ടുകളിൽ ഒരു സർവ്വീസ് മാത്രമേ ഉള്ളുവെങ്കിൽ കൺസഷൻ അനുവദിക്കുന്നതല്ല. ഒന്നിലധികം സർവ്വീസുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ള ഒരു റൂട്ടിൽ സർവ്വീസിന് 25 കൺസഷൻ ടിക്കറ്റ് എന്ന കണക്കിൽ കൺസഷൻ ടിക്കറ്റുകളുടെ എണ്ണം നിയന്ത്രിച്ചിട്ടുണ്ട്.

(ഡി) ആലുവാ-വെളിയത്തുനാട് റൂട്ടിൽ നിലവിൽ 25 കൺസഷനിൽ കൂടുതൽ നൽകി വരുന്നുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഉണ്ട്.

(ജി) ഇപ്പോൾ ആവശ്യാനുസരണം കൺസഷൻ നൽകി വരുന്നു.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

60 (352) സൗജന്യ നിരക്കുമൂലം കെ.എസ്.ആർ.ടി.സി. ക്കുണ്ടാകുന്ന നഷ്ടം

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വിഭാഗങ്ങൾക്കായി സൗജന്യ യാത്രയും യാത്രക്കൂലി നിരക്കിൽ ഇളവും അനുവദിക്കുന്നതുവഴി പ്രതിവർഷം കെ.എസ്.ആർ.ടി.സി.ക്ക് എന്തു തുക നഷ്ടം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത തുക ഗവൺമെന്റിൽനിന്നും അനുവദിച്ചു കിട്ടുന്നതിലേക്കായി കോർപ്പറേഷൻ ഇതിനകം എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ ഇതിലേക്കാവശ്യമായ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈയിനത്തിൽ മാത്രം പ്രതിവർഷം 29 കോടി 90 ലക്ഷം രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. കൂടാതെ ലാഭകരമല്ലാത്ത സർവ്വീസുകൾ (ലാഭകരമല്ലാത്ത റൂട്ടിലും സമയത്തും) നടത്തുവാൻ നിർബന്ധിതമാകുന്നതുമൂലം പ്രതിവർഷം 63.15 കോടി രൂപയുടെ നഷ്ടവും ഉണ്ടാകുന്നുണ്ട്.

(ബി) പ്രസ്തുത തുക തിരികെ കിട്ടണമെന്ന് കോർപ്പറേഷൻ പല പ്പോഴായും ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

(സി) ഓരോ തരത്തിലുള്ള സൗജന്യവും അതുമായി ബന്ധപ്പെട്ട സർക്കാർ ഡിപ്പാർട്ടുമെന്റുകൾ നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(ഡി) സർക്കാരിന്റെ സാമൂഹ്യ പ്രതിബന്ധതയുടെ പേരിൽ കോർപ്പറേഷനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ സജീവമായി പരിഗണിച്ചു വരുന്നു.

61 (353) കെ.എസ്.ആർ.ടി.സി. ഫ്ളീറ്റ് സ്ട്രെംഗ്ത്

ശ്രീ. അടൂർ പ്രകാശ് :

LIBRARY ARCHIVES Kerala Legislative Assembly